ശ്രീ. എ. കെ. പാച്ചുപിള്ള : ഇപ്പോഠംതന്നെ കടിശ്ശികയിനത്തിൽ ഭീമമായ നഷ്ടം ഗവമ്മെണ്ടിനു് വന്നിരിക്കുന്നതുകൊണ്ടു് മേലാലെങ്കിലും കൺട്രാക്ടർമാരോടു് ഗാരൻറി വാങ്ങിക്കണമെന്നുള്ള വിചാരം ഗവമ്മെണ്ടിനുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു് ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണു്.

ജൂഡീഷ്യറിയും എക്സിക്യൂട്ടീവും

*നൂറ്റമ്പത് (൧൫൦) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ?

ജൂഡീഷ്യറിയെ, എക്സിക്യൂട്ടീവിൽ നിന്നും വേർപെടുത്താൻ എന്തെങ്കിലും നടപടി ഗവമ്മെണ്ടു് ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ചോദ്യത്തിനു് ഞാൻ മുമ്പുതന്നെ ഉത്തരം പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. നാണു : എനിക്കു് ഒരു ഉപചോദ്യമേയുള്ളൂ. ജൂഡീഷ്യറിയും എക്സിക്യൂട്ടീവും വേർ തിരിക്കുന്നതിനുള്ള സ്കീം ഇതുവരെ കൊണ്ടുവരാതിരിക്കുന്നതിനുള്ള കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു നടപ്പാക്കാനാലോചിക്കുന്നുണ്ടു്.

ശ്രീ. പി. നാണു : എപ്പോഴാണു് നടപ്പാക്കാൻ പോകുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : സമയം കൃത്യമായി പറയാൻ നിവൃത്തിയില്ല.

കടികിടപ്പുകാരുടെ റജിസ്ട്രേഷൻ

*നൂറ്റി൯ (൧൫൯) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇടവക അധികൃതരുടെ വസ്തുക്കളിൽ കുടികിടക്കുന്നവർ കുടികിടപ്പു റജിസ്റ്റർ ചെയ്യാൻ എവിടെയാണു് അപേക്ഷിക്കേണ്ടതു്;

(ബി) അപേക്ഷ വാങ്ങുന്ന ഉദ്യോഗസ്ഥൻ, അപേക്ഷ ഏറ്റിരിക്കുന്ന എന്ന സംഗതിക്കു് അപേക്ഷകനു രസീതികൊടുക്കണമെന്നു് വ്യവസ്ഥചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : (എ) അതാതു പകൃതികച്ചേരികളിൽ.

(ബി) പ്രത്യേകമായി നിർദ്ദേശം കൊടുക്കേണ്ട ആവശ്യമുണ്ടെന്നു് ഗവമ്മെണ്ടിനു തോന്നിയിരുന്നില്ല.

ശ്രീ. പി. നാണു : ഇടവക പകൃതികച്ചേരികളിൽ ഗവമ്മെണ്ടിനു് കാര്യമില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു മെമ്പർക്കുതന്നെ അറിവുള്ളതാണല്ലോ.

ശ്രീ. പി. നാണു : ഇടവകയിലെ ഉദ്യോഗസ്ഥന്മാർ ഗവമ്മെണ്ടു് ജീവനക്കാരാണോ? ഇടവക ജീവനക്കാരുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അവർ ഇടവക ഉദ്യോഗസ്ഥന്മാരാണു്.

ശ്രീ. പി. നാണു : ഇടവക ഉദ്യോഗസ്ഥന്മാരുടെ അടക്കൽ എന്തെങ്കിലും ഹർജിയോ മറ്റോ കൊടുക്കുകയാണെങ്കിൽ അവർ അതു മാറിക്കളയുന്നതായിട്ടു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതുവരെ അങ്ങനെ പരാതി ഉണ്ടായിട്ടില്ല. അങ്ങനെ വരുന്ന സമയത്തു് ആലോചിക്കാവുന്നതാണു്.

ശ്രീ. പി. നാണു : ഇടവകയിലേക്കു് കൊടുക്കുന്ന ഹർജികളെപ്പറ്റി അന്വേഷിക്കുന്നതാരാണു്.

ശ്രീ. ടി. കെ. നാരായണപിള്ള : ഇടവകയിലെ പാവ്വത്യക്കാരന്മാരാണു്.

ശ്രീ. പി. നാണു : ഇടവകയെ സംബന്ധിച്ചു കൊടുക്കുന്ന ഹർജികൾ ഇടവകക്കു്

LIBRARY ARCHIVES Kerala Legislative Assembly